പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4151 | 16.05.2017 ൽ മറുപടിക്ക്

# ജലഗതാഗത രംഗത്ത് യാത്രക്ലേശം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് : | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ മന്ത്രി) |
| (എ) കൊച്ചിയിലെ ജല ഗതാഗത രംഗത്ത് അനുഭവപ്പെടുന്ന യാത്രാക്ലേശം പരിഹരിക്കുന്നതിനായി 3.12.2016 ൽ എറണാകുളം ഗസ്റ്റ് ഹൗസിൽ ജല ഗതാഗത വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) 1) എറണാകുളം-കമാലക്കടവ് ബോട്ട് സർവ്വീസ് പുനരാരംഭിക്കുന്നതിനായി ബഹു.കൊച്ചി എം.എൽ.എ. ശ്രീ.കെ.ജെ.മാക്സിയുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് പുതിയ ബോട്ട് വാങ്ങുന്നതിനും, സർവ്വീസ് നടത്തിപ്പിനായി 15 ജീവനക്കാരെ പുതിയതായി അനുവദിക്കുന്നതിനുവേണ്ടി സർക്കാരിൽ നിന്ന് അനുവാദം വാങ്ങുന്നതിനു ബഹു.എം.എൽ.എ.മാരുടെ സഹായത്തോടെ വേണ്ട നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചു.<br>2) തേവര യാർഡ്, മട്ടാഞ്ചേരി ബോട്ട് ജെട്ടി എന്നിവടങ്ങളിൽ അടിയന്തിരമായി ഡ്രഡ്ജിങ്ങ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സ്ഥിര സംവിധാനം ഒരുക്കുന്നതിനായി ബഹു.മന്ത്രിമാരായ ഇറിഗേഷൻ, ഗതാഗതം, തുറമുഖ വകുപ്പ് എന്നിവരുമായി യോഗം ചേരുന്നതിനും തീരുമാനിച്ചു.<br>3) രാത്രി സമയങ്ങളിലും, അവധി ദിവസങ്ങളിലും ബോട്ടുകളുടെ റിപ്പയറിംഗ് പരമാവധി നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പിലെ റിപ്പയറിംഗ് വിഭാഗവും, ട്രാഫിക് വിഭാഗവും വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും, എറണാകുളം മേഖലയിൽ അസിസ്റ്റന്റ് വർക്സ് മാനേജരെ നിയമിക്കുന്നതിനും തീരുമാനിച്ചു.<br>4) ഫോർട്ടുകൊച്ചി മുസരിസ്-ബിനാലേയുടെ ഭാഗമായി ബോട്ട് സർവ്വീസുകൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ട്രാഫിക് സൂപ്രണ്ട്, സീനിയർ സൂപ്രണ്ട്, അസിസ്റ്റൻറ് വർക്സ് മാനേജർ എന്നിവരെ ചുമതലപ്പെടുത്തി.<br>5) നിലവിൽ നടത്തി കൊണ്ടിരിക്കുന്ന മുഴുവൻ ബോട്ട് സർവ്വീസുകളും മുടക്കം കൂടാതെ കൃത്യമായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| (ബി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (സി) എറണാകുളം-കമാലക്കടവ് ബോട്ട് സർവ്വീസ് പുനരാരംഭിക്കുന്നതിന് പുതിയ ബോട്ട് വാങ്ങുന്നതിനും, ജീവനക്കാരെ അനുവദിക്കുന്നതിനുമായി അനുവാദം വാങ്ങുന്നതിന് ട്രാഫിക് സൂപ്രണ്ട്, എറണാകുളത്തെ ചുമതലപ്പെടുത്തി. മട്ടാഞ്ചേരി ബോട്ട് ജെട്ടി, തേവര യാർഡ് എന്നിവടങ്ങളിൽ അടിയന്തിരമായി ഡ്രഡ്ജിംഗ് നടത്തുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിനായി ഇറിഗേഷൻ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. രാത്രി സമയങ്ങളിലും അവധി ദിവസങ്ങളിലും, ബോട്ടുകളുടെ റിപ്പയറിംഗ് പരമാവധി നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിലേക്കായി എറണാകുളം മേഖലയിൽ അസിസ്റ്റന്റ് വർക്സ് മാനേജരെ നിയമിച്ചിട്ടുണ്ട്. ഫോർട്ടുകൊച്ചി മുസരീസ്-ബിനാലെയുടെ ഭാഗമായി ബോട്ടു സർവ്വീസുകൾ വകുപ്പ് കാര്യക്ഷമമായി നടത്തിയിട്ടുണ്ട്. കൂടാതെ നിലവിൽ നടത്തിക്കൊണ്ടിരിക്കുന്ന മുഴുവൻ സർവ്വീസുകളും മുടക്കം കൂടാതെ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ